# സൂഫികളുടെ സ്വാധീനം കേരള മുസ്ലിംകളിൽ

അബൂജാസ്മിൻ

മുസ്ലിംകളെ ഇസ്ലാമിന്റെ തനിമയിൽ നിന്ന് തെറ്റിക്കാൻ സൂഫിസം പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സകല ഖുറാഫാത്തുകളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കള്ളക്കഥകളുമൊക്കെ അവരുടെ വകയാണ്. അദ്വൈതം, അവതാരം, മായാവാദം തുടങ്ങി മാരകമായ കള്ളക്കടത്തുകളും സൂഫികൾ നടത്തിയിട്ടുണ്ട്. കശ്ഫ്, കറാമത്ത് എന്നിവയാണ് അവരുടെ സൂത്രവിദ്യകൾ. അവർക്ക് പുതിയ നിയമങ്ങളും വഴികളും ഉണ്ട്.

ഇസ്ലാഹി പ്രസ്ഥാനം അതിന്റെ സംഘടിത പ്രവർത്തനം തുടങ്ങുന്നതിന് മുമ്പ് കേരള മുസ്ലിംകൾ സൂഫികളുടെ കരാള ഹസ്തത്തിലായിരുന്നു. പൂച്ചയില്ലാത്തിടത്ത് എലികളുടെ വിളയാട്ടം എന്നു പറഞ്ഞതുപോലെ. ആയിരത്തിതൊള്ളായിരത്തി ഇരുപത്തിയൊന്നിനു മുമ്പുള്ള കാലത്തെ, സമസ്തക്കാർ വാനോളം പുകഴ്ത്താറുണ്ട്. അവിടേക്ക് മുസ്ലിംകൾ തിരിച്ചുപോകണം എന്നാണ് അവർ ആവശ്യപ്പെടാറുള്ളത്. എന്തായിരുന്നു മുസ്ലിംകളുടെ അന്നത്തെ അവസ്ഥ? സുവർണദശയായിരുന്നോ? സൂഫികളും ത്വരീഖത്തുകാരും മുസ്ലിംകളെ ഓഹരി വെച്ചതായിരുന്നു. അതിന്റെ പേരിലുള്ള അനൈക്യവും ബഹളവുമായിരുന്നു എങ്ങും എവിടെയും. പള്ളികൾ വിജനം. തൊഴിലുകളോട് ആളുകൾക്ക് ആഭിമുഖ്യമില്ല. റാത്തീബുകളും മൗലിദുകളും പലതരം. അസ്മാഉകാർക്ക് പിടിപ്പതു പണിയുണ്ടായിരുന്നു. ദിനംപ്രതി മാലകൾ രംഗത്ത് വരും. ഇഷ്ടംപോലെ പാട്ടുകാരും. സാഹിറൻമാർക്ക് പണക്കൊയ്ത്ത്. ഉറുക്ക്, ഏലസ്സ്, ഹോമം, മുട്ടറക്കൽ എന്നിവയായിരുന്നു ചികിൽസകൾ. മാരക രോഗങ്ങളെ നാടു കടത്താൻ കൂട്ട ബാങ്ക് വിളി. നമസ്കാരം, നോമ്പ്, സകാത്ത്, എന്നീ ആരാധനകൾ ഏട്ടിൽമാത്രം. അപൂർവം ആളുകൾ മാത്രമാണ് അത് നിർവഹിക്കുന്നതിൽ താൽപര്യം കാണിച്ചിരുന്നത്. ഹജ്ജ് കർമം നിർവഹിക്കുന്നത് അവസാനത്തെ പരിപാടിയായിട്ടായിരുന്നു കണ്ടിരുന്നത്. അവർക്കുള്ള യാത്രയയപ്പിലും കൂട്ടബാങ്ക് വിളിയുണ്ടാവും.

പലതരം ഔലിയാക്കൾ. സ്പെഷ്യലിസ്റ്റുകളും അവരുടെ കൂട്ടത്തിലുണ്ട്. മരണപ്പെട്ടുപോയ മഹാൻമാർക്ക് എമ്പാടും പാർസലുകൾ ഹദ്‌യയായിവിടും. ബാങ്ക് വിളിയും നകാരമുട്ടലും ഒന്നിച്ച്. അറവനയും കോൽക്കളിയും വ്യാപകം. അങ്ങനെ പോകുന്നു അത്തരം കാര്യങ്ങൾ. വിശ്വാസകാര്യങ്ങളും വിദ്യാഭ്യാസ, സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രംഗങ്ങളും അതിദനീയമായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ എതിർത്തത് ഇംഗ്ലീഷുകാരോടുള്ള വിരോധം കൊണ്ടാണെന്നാണ് സമസ്തക്കാർ ഇപ്പോൾ പറയുന്നത്. എങ്കിൽ മലയാളത്തെ എതിർത്തത് ആരോടുള്ള വിരോധം കൊണ്ടാണ്? പള്ളിക്കൂടം വിലക്കിയതോ? എഴുത്തും വായനയും നിരുത്സാഹപ്പെടുത്തിയതോ ദീനീ വിദ്യാഭ്യാസത്തിന്റെ ഭാഗമായ മദ്റസാ പ്രസ്ഥാനത്തെപ്പോലും അവർ എതിർത്തു. ഖുർആൻ പരിഭാഷ ഹറാമാക്കി. സ്ത്രീവിദ്യാഭ്യാസം വിലക്കി. ജുമുഅഖുത്തുബ മനസ്സിലാകുന്നതിനു തടസ്സം നിന്നു. അറിവ് ലഭിക്കുന്ന സകലരംഗങ്ങളിൽ നിന്നും സമൂഹത്തെ അകറ്റി

നിർത്തി. സർക്കാർ ജോലി സ്വീകരിക്കാനും പാടില്ലായിരുന്നു. ഇന്ന് മദ്റസകളും യതീം ഖാനകളും ഇഷ്ടംപോലെ. പൂച്ചക്ക് മണി കെട്ടിയത് ആരാണെന്നോർക്കണം.

വനിതാ മാസികകളും ഇംഗ്ലീഷ്, അറബിക്കോളേജുകളും സമസ്തക്കാർ വാരിക്കൂട്ടുകയാണ്. നല്ലത്. നല്ല വഴിക്ക് വരുന്നതിൽ സന്തോഷം. ഇക്കാര്യം ബോധവൽക്കരിക്കാൻ ശ്രമിച്ച ആദ്യകാല ഇസ്ലാഹി പണ്ഡിതൻമാർ കേൾക്കേണ്ടിവന്ന പഴികൾ എന്തെല്ലാമായിരുന്നു. വനിതാ അറബിക്കോളജുകൾ തുടങ്ങിയ, ഇസ്ലാഹി പ്രവർത്തകരെ തെറികൊണ്ട് അഭിഷേകം ചെയ്തത് ആരായിരുന്നു? അതൊക്കെ, എഴുതുകയാണെങ്കിൽ അക്ഷരങ്ങൾപോലും നാണിക്കും. എന്നിട്ടും അവർ ഇരുപത്തിയൊന്നിന്റെ മുമ്പുള്ള അവസ്ഥയെ പ്രകീർത്തിക്കുന്നു. ക്ഷണിക്കുന്നു. എന്താണത് സൂചിപ്പിക്കുന്നത്? ഇപ്പോഴും ആ പിന്തിരിപ്പൻ നിലപാട് തന്നെയാണ് അവർക്കുള്ളതെന്ന്. ഇസ്ലാഹി പ്രസ്ഥാനത്തിന്റെ പ്രബോധനത്തിന്നു മുമ്പിൽ അവർക്ക് പിടിച്ചുനിൽക്കാൻ ആവുന്നില്ല. ത്വലാഖുകളും മുത്ത്വലാഖും ചാവും അടിയന്തരവും, ഒയ്യത്തിരിക്കലും, അങ്ങനെ പലതും. നാടു നീങ്ങിയ ഖുറാഫാത്തുകൾ പുനഃസ്ഥാപിക്കാൻ പൂതിവെച്ച് നടക്കുന്നു അവർ.

യഥാർഥത്തിൽ സമസ്തക്കാരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവർക്ക് ഈ ചിന്തകൾ ലഭിച്ചത് സൂഫികളിൽ നിന്നാണ്. വിദ്യാഭ്യാസം, തൊഴിൽ, വിവാഹം എന്നീ വിഷയങ്ങളിൽ സൂഫികളുടെ ചിന്ത എന്താണെന്ന് നോക്കാം. സൂഫീ പ്രമുഖനായ ജുനൈദ് പറയുന്നു. ‘‘ഉപജീവനമാർഗം തേടുക, ഹദീഥ് പഠിക്കുക, വിവാഹം കഴിക്കുക, എന്നീ മൂന്ന് കാര്യങ്ങളിലേക്ക് മനസ്സ് തിരിക്കാതിരിക്കുന്നതാണ് സത്യാന്വേഷണം തുടങ്ങുന്നവന്റെ കാര്യത്തിൽ ഞാൻ ഇഷ്ടപ്പെടുന്നത്. അല്ലെങ്കിൽ അവന്റെ അവസ്ഥക്ക് മാറ്റം സംഭവിക്കും. സൂഫീമാർഗം സ്വീകരിച്ചവൻ വായിക്കുകയോ എഴുതുകയോ ചെയ്യാതിരിക്കുന്നതാണ് ഞാൻ ഇഷ്ടപ്പെടുന്നത്. അതത്രെ അവന്റെ മനഃക്കരുത്ത് കേന്ദ്രീകരിക്കുവാൻ ഉതകുന്നത്.’’(ഖൂത്തുൽ ഖുലൂബ് 3/135.) അസ്ലിലേക്ക് മടങ്ങിയാൽ വസ്തുതകൾ കണ്ടെത്താം. ബ്രിട്ടീഷ് വിരോധമല്ല; സൂഫീ താലോലമാണ് കാര്യം. സൂഫികളിൽ താരതമ്യേന തീവ്രത കുറഞ്ഞ വ്യക്തിയാണ് ജുനൈദ്. അദ്ദേഹത്തിന്റെ പ്രസ്താവനയാണ് മുൻചൊന്നത്. സൂഫികൾ വിദ്യാഭ്യാസം, വിവാഹം തൊഴിൽ പോലെയുള്ള കാര്യങ്ങൾക്ക് എതിരാണ്. ഇതൊക്കെ വർജിക്കുന്നത് അല്ലാഹുവിങ്കലേക്ക് കൂടുതൽ അടുക്കാൻ വേണ്ടിയാണത്രെ. ‘‘അബൂസുലൈമാനുദ്ദാറാനി പറയുന്നു. സൂഫി മൂന്ന് കാര്യങ്ങളിലകപ്പെട്ടാൽ അയാൾ ദുനിയാവിന്റെ വലയിലാണകപ്പെടുന്നത്. 1 ജീവിത മാർഗം തേടിപ്പോവുക, 2.വിവാഹം കഴിക്കുക. 3 ഹദീഥെഴുതുക. അദ്ദേഹം തുടരുന്നു. “ നമ്മുടെ ശിഷ്യരിൽ വിവാഹം കഴിച്ചവരാരുംതന്നെ തന്റെ പദവി നിലനിർത്തിയിട്ടില്ല.’’ (ആരിഫുകളുടെ തത്വശാസ്ത്രം. പേ 200.) മുസ്ലിമിന്റെ ദുനിയാവും ആഖിറവും തകർക്കുക എന്നതാണ് ഇവരുടെ ലക്ഷ്യം.

വിദ്യാഭ്യാസം, വിവാഹം, തൊഴിൽ എന്നിവ മനുഷ്യന്റെ പ്രകൃതിപരമായ താൽപര്യമാണ്. പ്രകൃതി മതമായ ഇസ്ലാം അത് മനുഷ്യനോട് ആവശ്യപ്പെടുകയും ചെയ്യുന്നു. ശരിയായ പഠനം മനുഷ്യനെ സ്വർഗത്തിലെത്തിക്കും. വിവാഹിതരാവാൻ പ്രവാചകൻ കൽപിച്ചിട്ടുണ്ട്. ബ്രഹ്മചര്യം ശക്തിയായി നിരോധിക്കുകയും ചെയ്തു. തൊഴിലിനു ഇസ്ലാം പവിത്രത കൽപിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ഇന്ന് തർക്കം ഉണ്ടാവുമെന്ന് തോന്നുന്നില്ല. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വയ്ള് പറഞ്ഞ് നടക്കേണ്ടിയിരുന്ന ഒരു ദുരവസ്ഥ ഈ സമൂഹത്തിലുണ്ടായിരുന്നു. വായിക്കുവാനും പഠിക്കുവാനും ആവശ്യപ്പെട്ടുകൊണ്ടാണ് വിശുദ്ധ ക്വുർആനിലെ ആദ്യ വചനങ്ങൾ ഇറങ്ങിയത്. ‘എന്നിൽ നിന്നും ഒരു വചനമെങ്കിലും നിങ്ങൾ മറ്റുള്ളവർക്ക് എത്തിക്കുക’ എന്ന് പ്രവാചകൻ അരുളിയിട്ടുണ്ട്. ഇസ്ലാമിന്റെ ആഗമനം വൈജ്ഞാനികരംഗത്ത് ഒരു വിസ്ഫോടനം തന്നെയു

ണ്ടാക്കി. ആർക്കാണിതെല്ലാം നിധേഷിക്കാൻ കഴിയുക. ഈ മൂന്ന് കാര്യങ്ങളുടെ മഹിമ യെക്കുറിച്ച് എഴുതുകയാണെങ്കിൽ ഗ്രന്ഥങ്ങൾ വേണ്ടിവരും. എന്നിട്ട് സൂഫികൾ ഇതിനെ എതിർക്കുന്നത് എന്തിനുവേണ്ടിയാണ്? സമസ്തക്കാർ സൂഫികളെ തഖ്ലീദ് ചെയ്യുന്നു. അവരെ ന്യായീകരിക്കുകയും ആദരിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു.

സൂഫികൾ പറയുന്നു. ''കുടുംബഭാരമില്ലാതിരിക്കൽ ഒരു സൂഫിയെ സംബന്ധിച്ചിട ത്തോളം ഒരനുഗ്രഹമാണ്. മുഴുവൻ ചിന്തയും അല്ലാഹുവിൽ കേന്ദ്രീകരിക്കാനും സുഖ മായി ഇബാദത്തെടുത്ത് ജീവിക്കാനും അതുപകരിക്കുന്നു. പ്രാരംഭദശയിലുള്ള സൂഫി യുടെ വഴിയിൽ ഈ ഭാരം വിഷമം സൃഷ്ടിക്കും. അത്തരം തടസ്സങ്ങൾക്കൊന്നും വഴി വെച്ചുകൂടാ. പ്രതിബന്ധങ്ങളെ തട്ടിമാറ്റി ലോകസഞ്ചാരം നടത്തുകയും എല്ലാ ബന്ധന ങ്ങളിൽ നിന്നും അകലുകയും ദുരിതങ്ങൾക്കു പുറത്തു സവാരി ചെയ്തു ലക്ഷ്യത്തിലെ ത്താൻ ശ്രമിക്കുകയുമാണവൻ ചെയ്യേണ്ടത്. തന്റെയും ലക്ഷ്യത്തിന്റെയും ഇടയിൽ വന്നു കൂടുന്ന മറകളെല്ലാം ചീന്തിയെറിയണം. തീവ്രമായ ത്യാഗപരിശീലനത്തിനിടയിൽ ശരീരത്തിനു വിവാഹമാകുന്ന ഇളവനുവദിച്ചു കൊടുക്കുന്നത ഉചിതമല്ല. ആദ്ധ്യാത്മിക വിഹായസ്സിൽ പറന്നുയരാൻ തുടങ്ങുമ്പോൾ തന്റെ കാലുകൾ വിവാഹച്ചങ്ങല കൊണ്ടു ബന്ധിച്ചുകൂടാ. അങ്ങിനെ ചെയ്താൽ പിന്നെ അവൻ ചക്കിനുവെച്ച കാളപോലെ ദാമ്പത്യ ബന്ധനത്തിനും ചുറ്റും കറങ്ങേണ്ടിവരും.'' (ആരിഫുകളുടെ തത്വശാസ്ത്രം. പേ. 200.) തികച്ചും അനിസ്‌ലാമികമാണീവാദം. നമസ്കാരം നോമ്പ്പോലെയുള്ള ആരാധന കൾ രാവും പകലും നിർവഹിക്കാൻ വിവാഹം കഴിക്കാത്ത മാർഗം സ്വീകരിക്കുമെന്ന് പറഞ്ഞവരെ നബി (ﷺ) വിലക്കുകയാണ് ചെയ്തിട്ടുള്ളത്. നബി (ﷺ)യെക്കാൾ വലിയ വരോ സൂഫികൾ.

വിവാഹം ഇസ്‌ലാമികമാണ്. ഭാര്യക്ക് ഒരു ഉരുളവായയിൽവെച്ച് കൊടുക്കുന്നതിന് പോലും പ്രതിഫലമുണ്ട്. വിവാഹം ഇസ്‌ലാമിന്റെ മാർഗമാണ്. അമ്പിയാക്കൻമാർ വിവാഹം ചെയ്തവരാണ്. അവരെക്കാളും ഭക്തി ആർക്കും അവകാശപ്പെടാൻകഴിയില്ല.

നബി (ﷺ) പറഞ്ഞു. ''നിങ്ങളിൽ വല്ലവനും വിവാഹത്തിന് സാധിച്ചാൽ അവൻ വിവാഹം ചെയ്തുകൊള്ളട്ടെ. നിശ്ചയമായും അത് നയനങ്ങളെ നിയന്ത്രിക്കും. ജനനേന്ദ്രിയത്തെ സംരക്ഷിക്കുകയും ചെയ്യും.'' (ബുഖാരി, മുസ്‌ലിം)

''ഒരു ജ്ഞാനി പറയുന്നു. ബ്രഹ്മചര്യമനുഷ്ഠിക്കുകയെന്ന ചികിൽസയാണ് സ്ത്രീയെ ചികിൽസിക്കുന്നതിനെക്കാൾ എളുപ്പം...''ഒരു ജ്ഞാനിയോട് ഒരാൾ ചോദിച്ചു. താങ്കളെ ന്താണ് വിവാഹം കഴിക്കാത്തത്? അദ്ദേഹം പ്രതിവചിച്ചു. എന്റെ ശരീരത്തെ മോചിപ്പിക്ക ലാണ് വിവാഹം ചെയ്യുന്നതിനെക്കാൾ എനിക്കാവശ്യം.'' '' ബിശ്ർ ബിൻഹർസിനോട് ഒരാൾ ചോദിച്ചു... നിക്കാഹ് എന്ന സുന്നത്ത് അങ്ങുപേക്ഷിച്ചുവെന്നാണാക്ഷേപം. അദ്ദേഹം അരുളി; താങ്കൾ അവരോട് പറയുക. ഞാൻ ഫർളുകളിൽ മുഴുകിയിരിക്കയാ ണെന്ന്. അദ്ദേഹം തുടർന്ന് അരുളി. ഒരു പിടക്കോഴിയുടെ സംരക്ഷണം ഏറ്റെടുക്കാൻ പോലും ഞാൻ പ്രാപ്തനല്ല.'' (ആരിഫുകളടെ തത്വശാസ്ത്രം. പേ. 201.) ഫർളുകൾ എടു ക്കുമ്പോൾ ഇക്കൂട്ടർക്ക് സുന്നത്തുകളില്ല. സുന്നത്തുകളെടുക്കുമ്പോൾ ഫർളുകളുമില്ല !! പുതുമ തന്നെ. നബി (ﷺ)യെക്കാളും വലിയ ജ്ഞാനികൾ? ഇവരുടെ ഇതിഹാസ പുരു ഷൻ ഇബ്‌റാഹീമുബിനു അദ്ഹം പറയുന്നു. സ്ത്രീകളുടെ തുടകളിൽ സന്തുഷ്ടി കണ്ടെ ത്തുന്നവർ വിജയിക്കുകയില്ല.'' (അ.പു.പേ. 202) അദ്ദേഹം നാടും വീടും ഭാര്യയും മക്കളും വേണ്ടെന്ന് വെച്ച് ഇറങ്ങിത്തിരിച്ചതാണ്. ഇദ്ദേഹത്തെ അനുകരിച്ച് ഭാര്യമാ രെയും മക്കളെയും വിധവകൾക്കും യത്തീമുകൾക്കും തുല്യമായി ജീവിക്കാൻ വിട്ട് ഊര് തെണ്ടിക്കറങ്ങുന്ന എത്രയോ സൂഫികൾ ഉണ്ടായിരുന്നു. മരിച്ച പുണ്യാത്മാക്കളുടെ മഖ്ബറകളിൽ സിയാറത്തും ചെയ്ത് സൂഫികൾ ജീവിതം പൊടിപൊടിക്കും. ഭാര്യമാരും മക്കളും വേദനകൾ കടിച്ചിറക്കിയും ജീവിക്കും.

സൂഫി ഖോജ അബൂയസീദുൽ ബിസ്താമിയോട് ഒരാൾ ചോദിച്ചു: നിങ്ങൾ ജോലിയൊന്നും ചെയ്യുന്നതു കാണാറില്ലല്ലോ. പിന്നെ എങ്ങിനെയാണ് ജീവിക്കുന്നത്? അദ്ദേഹം പറഞ്ഞു. എന്റെ നാഥൻ നായകൾക്കും പന്നികൾക്കുപോലും ഭക്ഷണം കൊടുക്കുന്നു. പിന്നെ അബൂയസീദിന്നു ഭക്ഷണം തരില്ലേ? (അ.പു.പേ. 194.) അമ്പിയാക്കൻമാർ അഖിലവും തൊഴിലെടുത്താണ് ജീവിച്ചിരുന്നത്. ദാവൂദ് (عليه السلام) നബി ഇരുമ്പ് പണി ചെയ്തിരുന്നു. ഇബ്റാഹിം (عليه السلام) നബി കൽപണിയും മരപ്പണിയും നടത്തിയിരുന്നതായി കാണാം. കാർഷികരംഗത്തും പ്രവർത്തിച്ചിരുന്നുവത്രെ. സക്കരിയ്യ (عليه السلام) മരപ്പണി എടുത്തിരുന്നുവെന്ന് മുസ്ലിം റിപ്പോർട്ട് ചെയ്യുന്നുണ്ട്. തൊഴിൽ എടുക്കുന്നത് തികച്ചും മാന്യതയാണ്. എന്നിട്ട് സൂഫികൾ അലസത പഠിപ്പിക്കുന്നു. ഇരന്ന് നടക്കുന്നത് വളരെ മോശമായിട്ടാണ് ഇസ്ലാം കാണുന്നത്. ‘‘ഒരു പുണ്യാത്മാവു പറയുന്നു. എനിക്ക് നല്ലൊരു തൊഴിലുണ്ടായിരുന്നു. അതുപേക്ഷിച്ച് മുഴുവൻ സമയവും ഇബാദത്തെടുക്കാൻ ഞാനാഗ്രഹിച്ചു. അപ്പോൾ എനിക്കൊരു തോന്നൽ. ഞാനെങ്ങിനെ ജീവിക്കും? ഉടനെ അല്ലാഹുവിൽ നിന്ന് എനിക്ക് ദർശനം ലഭിച്ചു. മുഴുവൻ സമയവും എന്നെ ധ്യാനിക്കാനൊരുങ്ങുന്ന നിനക്ക് ഞാനാഹാരം തരുന്ന കാര്യത്തിൽ നീ സംശയിക്കുകയാണോ? എന്റെ മിത്രങ്ങളുടെ കൈകൊണ്ടും ശത്രുക്കളുടെ കൈകൊണ്ടും നിനക്ക് ഭക്ഷണമെത്തിച്ചു തരാൻ എനിക്ക് കഴിയും: (അ.പു.പേ. 195) ശൈഖ് നൂരി യാചിക്കുകയായിരുന്നു പതിവ്. അതിനു അവർക്ക് ന്യായമുണ്ട്. ‘‘അദ്ദേഹം ജനങ്ങളോട് യാചിക്കുന്നതു അവരിൽ നിന്ന് വാങ്ങാൻ വേണ്ടിയല്ല. അവർക്ക് കൊടുക്കാൻ വേണ്ടിയാണ്. തനിക്ക് ചേതമൊന്നുമില്ലാത്ത ഒരുപകാരം ചെയ്യുകയാണദ്ദേഹം. പാരത്രികമായ ഉപകാരം.’’(അ.പു.പേ. 197.)ചിന്തിക്കുക! ഇവരുടെ ജല്പനങ്ങൾ മഹാകഷ്ടം തന്നെ.

ജുനൈദുൽ ബാഗ്ദാദിപറയുന്നു. ‘‘ഞങ്ങൾ തസവ്വുഫ് (സൂഫിസം) പഠിച്ചത് ഐതിഹ്യങ്ങളിൽ നിന്നല്ല. വിശപ്പു സഹിക്കൽ, ഭൗതികസുഖങ്ങൾ ത്യജിക്കൽ, പ്രിയപ്പെട്ടവരുമായി വേർപെടൽ, മോഹങ്ങളോട് പോരാടൽ എന്നിവയിൽ നിന്നാണ്.’’ (അ.പു.പേ. 75) ഒരൊറ്റ ഹദീഥ് മതി, സൂഫീകോട്ടകൾ പൊളിഞ്ഞുവീഴാൻ. ‘‘ആയിശ (رضي الله عنها) ഉദ്ധരിക്കുന്നു. നമ്മുടെ ഈ ദീനിൽ ആരെങ്കിലും അതിൽപ്പെട്ടതല്ലാത്ത വല്ലതും പുതുതായി ആവിഷ്കരിച്ചാൽ അത് തള്ളപ്പെടേണ്ടതാകുന്നു.’’ (ബുഖാരി, മുസ്ലിം) അല്ലാഹു ചോദിക്കുന്നു: ‘‘പറയുക, അല്ലാഹു അവന്റെ ദാസൻമാർക്ക് വേണ്ടി ഉൽപാദിപ്പിച്ചിട്ടുള്ള അലങ്കാര വസ്തുക്കളും വിശിഷ്ടമായ ആഹാരപദാർഥങ്ങളും നിഷിദ്ധമാക്കിയതാരാണ്? പറയുക, അവ ഐഹിക ജീവിതത്തിൽ സത്യവിശ്വാസികൾക്ക് അവകാശപ്പെട്ടതാണ്. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവർക്ക് മാത്രമുള്ളതുമാണ്. മനസ്സിലാക്കുന്ന ആളുകൾക്കു വേണ്ടി അപ്രകാരം നാം തെളിവുകൾ വിശദീകരിക്കുന്നു.’’ (വി.ഖു.7/32).

മുസ്ലിംകളെ തൊഴിൽരഹിതരും, അലസരും നിരക്ഷരരും താന്തോന്നികളുമായി മാറ്റാൻ സൂഫികൾ ഒരുക്കിയ കെണിയിൽ നിന്നും രക്ഷപ്പെട്ടു തുടങ്ങിയത് ഇസ്ലാഹി പ്രസ്ഥാനം പ്രവർത്തിച്ചുതുടങ്ങിയതോടെയാണ്. ആ ദേഷ്യം അവർക്ക് ഇസ്ലാഹീ പ്രവർത്തകരോടുണ്ട്. ഇബ്റാഹീമുബിനു അദ്ഹമിന്റെ ദുരവസ്ഥ നോക്കൂ. നല്ലനാടും കുടുംബവും അധികാരവും വലിച്ചെറിഞ്ഞ് ഇരക്കുകയാണ് ചെയ്തിരുന്നത്.

‘‘ഇബ്റാഹീമുബിനു അദ്ഹം കുറച്ചുകാലം ബസറയിലെ ജുമുഅത്തു പള്ളിയിൽ (ഇഅ്ത്തികാഫ്) ഇരിക്കുകയുണ്ടായി. അക്കാലത്ത് മൂന്നു ദിവസത്തിലൊരിക്കലാണദ്ദേഹം നോമ്പുതുറന്നിരുന്നത്. നോമ്പുതുറക്കാനുള്ള ഭക്ഷണം ഏതെങ്കിലും വാതിലിൽ ചെന്ന് മുട്ടി അദ്ദേഹം ചോദിച്ചു വാങ്ങാറുണ്ടായിരുന്നു.’’ (ആരിഫുകളുടെ തത്വശാസ്ത്രം പേ. 182.) സുലൈമാൻ നബിയും ദാവൂദ് നബിയും അധികാരം വിട്ടെറിഞ്ഞിട്ടില്ല. യൂസുഫ് നബിയുടെ മാതൃകയും നമുക്ക് കാണാം. ആളുകളെ ഇരപ്പൻമാരാക്കുന്ന പരിപാടിയാണ് സൂഫിസം.